For Private Circulation Only

December 2019

# ആഗമനാദുതൻ

HOLY BIBLE

Vol.66 | “ സമയം അടുത്തിരിക്കയാൽ ഈ പുസ്തകത്തിലെ പ്രവചനം മുദ്രയിടരുത് ”. (വെളി. 22:10) | No.12

## കാര്യങ്ങളെ ആരു വ്യത്യാസപ്പെടുത്തി ?

By Michael L.Brown

മരണത്തിലും ജീവനിലും ആത്മാവിൽ തുടിക്കുന്ന പുതിയ നിയമ വിശ്വാസത്തെ, ഇന്നത്തെ ഞായറാഴ്ച മത മാക്കി വ്യത്യാസപ്പെടുത്തിയ താരാണ്.

സകലവും വിട്ട് എന്നെ അനുഗമിക്ക എന്ന ഉപദേശത്തിൽ നിന്നും ഈ ചെറിയ പ്രാർത്ഥന പ്രാർത്ഥിക്ക, നിങ്ങൾ നിത്യതയ്ക്കായി ഒരുക്കപ്പെട്ടിരിക്കുന്നു. എന്ന ഉപദേശത്തിലേയ്ക്ക് മാറ്റിയതാരാണ്.

“ ക്രിസ്തുവിൽ ജീവിക്കുന്നവർക്ക് കഷ്ടം ഉണ്ട് ” (2തിമൊ. 3:12) എന്ന ഉപദേശത്തിൽ നിന്നും യേശുവിനെ ഹൃദയത്തിലേയ്ക്ക് വിളിക്കൂ സന്തോഷിക്കൂ എന്ന് വ്യത്യാസപ്പെടുത്തിയതാരാണ്?

എന്തു വിലകൊടുത്തും അഥവാ പ്രത്യാഘാതങ്ങളെ നോക്കാതെ ഭയം കൂടാതെ സത്യത്തെ പ്രസ്താവിക്കുന്നതിൽ നിന്നും മറ്റുള്ളവരെ പേടിച്ച് ദൂതിൽ അനുരജ്ഞനമുണ്ടാക്കാൻ കാര്യങ്ങൽ വ്യത്യാസപ്പെടുത്തിയതാരാണ്?

ഏതു അധികാരത്തിലാണ്, ഏത് പ്രഖ്യാപനത്താലാണ്, ഏത് പുതിയ വെളിപ്പാടിനാലാണ് അപ്പോസ്തോലിക ഉപദേശങ്ങളെ മറികടക്കുവാനിടയായത്? ആരാണ് കാര്യങ്ങളെ വ്യത്യാസപ്പെടുത്തിയത്?

ആത്മാവിന്റെ നിയന്ത്രണമില്ലാതെ ശിഷ്യന്മാർക്ക് പോലും ശുശ്രൂഷിപ്പാൻ കഴിയാത്ത പുതിയ നിയമ ഉപദേശത്തിൽ നിന്നും വ്യത്യാസപ്പെടുത്തി ഇന്നത്തെ പതിപ്പിലേയ്ക്കി തിരിഞ്ഞ് ആത്മാവിന്റെ നടത്തിപ്പില്ലാത്ത ശുശ്രൂഷകളിലേയ്ക്ക് വ്യത്യാസപ്പെടുത്തിയതാരാണ്.

ഒരിക്കൽ എ.ഡബ്ല്യു. ടോസസ് പറഞ്ഞത്. ഇന്നത്തെ സഭയിൽ നിന്നും പരിശുദ്ധാത്മാവ് മാറ്റപ്പെട്ടാൽ 90% വിശ്വാസികളും അത് അറിയുകയില്ല. പുതിയനിയമ സഭയിൽ നിന്നും പരിശുദ്ധാത്മാവ് എടുക്കപ്പെട്ടാൽ 95% ആളുകളും അവരുടെ പ്രവൃത്തികൾ നിർത്തിവയ്ക്കും. പരിശുദ്ധാത്മാവ് മാറ്റപ്പെട്ടത് അവർ അറിയും ഇതാണ് ഇന്നത്തെ സഭയുടെ അവസ്ഥ.

ദൈവ കേന്ദ്രീകൃതമായ അവസ്ഥയിൽ നിന്നും മനുഷ്യ കേന്ദ്രീകൃതമായി ഇന്നത്തെ സഭയെ മാറ്റിയതാരാണ്? നിന്നെ ത്യജിച്ച് നിന്റെ ക്രൂശെടുക്ക എന്ന ഉപദേശത്തിൽ നിന്നും ക്രൂശിനെ കടന്നു പോവുക നിങ്ങളെത്തന്നെ ശക്തീകരിക്ക എന്ന ഉപദേശത്തിലേയ്ക്ക് നമ്മെ വ്യത്യാസപ്പെടുത്തിയതാരാണ്?

വിശുദ്ധി മനോഹരമാണ്. എന്നതിൽ നിന്നും വിശുദ്ധീ അടിമത്വമാണ് എന്ന തത്വത്തിലേയ്ക്ക് വ്യത്യാസപ്പെടുത്തിയതാരാണ്, വിശ്വാസത്തിന്റെ ഉന്നത നിലവാരം പുലർത്തുകമാത്രമല്ല സമകാലികരോട് അതിനെ പകർന്നുകൊടുക്കയും ചെയ്തവരാണ് പുതിയനിയമ സഭ.

ഇരുട്ടിന്റെ ശക്തികളോട് എതിർത്തു നിന്ന പുതിയ നിയമസഭയുടെ അവസ്ഥയിൽ നിന്നും ഇരുട്ടിന്റെ ശക്തികൾക്ക് ഒരു ഭീഷണിയും ആയിരുന്ന അവസ്ഥയിൽ നിന്നും ഇരുട്ടിന്റെ കൂട്ടാളികളായി വ്യത്യാസപ്പെടുത്തിയതാരാണ്.

ആദിമ സഭയെ പൗലൊസ് വിശ്വാസികൾ എന്ന പേരിലിരിക്കുമ്പോൾ തന്നെ മാനസാന്തരമില്ലാത്തവരായി ജീവിക്കുന്നവരെ താക്കീതു ചെയ്യുന്നത് 1കൊരി. 5-ാം അദ്ധ്യായത്തിൽ കാണാം. ഇന്ന് അങ്ങനെയുള്ള ആളുകൾ സഭകളെ നയിക്കുകയും പ്രസംഗിക്കുകയും ചെയ്യുന്നു. ആരാണ് വ്യത്യാസപ്പെടുത്തിയത്.

ക്രിസ്തു കേന്ദ്രീകൃതമായ ജീവിതത്തിലേക്ക് നടത്തി യേശുവിന്റെ മരണ പുനരുദ്ധാനങ്ങളുടെ യാഥാർത്ഥ്യത്തിലേയ്ക്ക് ജനത്തെ നടത്തിയ കർത്താവിനുവേണ്ടി കഷ്ടം അനുഭവിക്കുന്നത് ഒരു പദവിയാക്കി വിശ്വാസത്തിൽ നിന്ന് (മത്താ. 5:10 -12; അ.പ്പൊ. 5:41; ഫിലി.1:29), ലാഭങ്ങളിലേയ്ക്ക് മാന്യതയിലേയ്ക്കും ഉയർച്ചയിലേയ്ക്കു മാത്രം വിരൽ ചൂണ്ടുന്ന പ്രസംഗങ്ങളിലേയ്ക്ക് ഇന്നത്തെ തലമുറയെ വ്യത്യാസപ്പെടുത്തിയരാതാണ്?

എപ്പോഴാണ് യേശു ഇത്രയും ഒക്കെ മതി എന്ന് പറഞ്ഞത്? അനുസരണം ഓരോരുത്തിന്റെ ഇഷ്ടം പോലെ മതി എന്ന് യേശു എപ്പോഴാണ് പറഞ്ഞത്?. എപ്പോഴാണ് കർത്താവിനോടുള്ള സ്നേഹത്തെ മതപരമാക്കിയത്? “എന്നെ സ്നേഹിക്കുന്നവൻ എന്റെ കല്പനകളെ കാത്തുകൊള്ളും” എന്നല്ലേ യേശു പറഞ്ഞത് (യോഹ. 14:15,21)? ആരാണ് വ്യത്യാസപ്പടുത്തിയത്?

നാം മറ്റൊരു മതത്തോട് ബന്ധപ്പെട്ടിരിക്കുന്നു എങ്കിൽ അവരുടെ മതഗ്രന്ഥത്തെപ്പോലെ ഒരു ഗ്രന്ഥമാണ് ബൈബിൾ എന്ന് ആക്കിത്തീർക്കുന്നു എങ്കിൽ ആയിക്കൊള്ളട്ടെ. എന്നാൽ നമുക്കു അത് പാടില്ല നാം വിശ്വസിക്കുന്നത് വേദപുസ്തകം മാത്രം ദൈവവചനമെന്നും, എഴുതപ്പെട്ട തിരുവചനത്തിനപ്പുറമായി മറ്റൊരു വെളിപ്പാടോ പാരമ്പര്യങ്ങളോ ഇല്ല എന്നും വേദപുസ്തകത്തെ കീഴ്പ്പെടുത്തുവാൻ മറ്റൊരു പുസ്തകം ഇല്ല എന്നുമാണ്. പിന്നെ ആരാണ് വ്യത്യാസപ്പെടുത്തിയത്?

നമുക്ക് ഒരു ഡിബേറ്റ് വച്ചിട്ട് സഭാ ചരിത്രത്തിലെ ഈ സമൂഹമാണ് നല്ലത്. ആ സമൂഹമാണ് നല്ലത്, ഈ സഭയാണ് നല്ലത്, ആ സഭയാണ് നല്ലത് എന്ന് തെളിയിക്കാൻ കഴിയും. ചരിത്രപരമായ

(ശേഷം 6-ാംപേജിൽ)

# ദൈവത്തിൽ ആശ്രയിച്ച ജോർജ്ജ് മുള്ളറുടെ ജീവിതം

Part I

ജോർജ്ജു മുള്ളറുടെ മാതൃകാ ജീവിതം ആരോടും തുല്യം പറയാൻ കഴിയാത്തതാണ്. 1805-ൽ പ്രുഷ്യയിൽ ജനിച്ചു. ക്രിസ്തീയ പരിശീലനമോ സ്വാധീനമോ ഇല്ലാത്തതായിരുന്നു തന്റെ കുട്ടിക്കാലം വായിക്കാൻ ബൈബിളുണ്ടായിരുന്നില്ല. കുട്ടിക്കാലത്ത് തനിക്കും തന്റെ സഹോദരനും അവർ ആവശ്യപ്പെടുന്ന പണം പിതാവ് അവർക്ക് കൊടുത്തിരുന്നു. അതുകൊണ്ട് പാപജീവിതത്തിൽ വളർന്നു വന്നു. വിദ്യാഭ്യാസത്തിലും വളർന്നു വന്നു. ആറു ഭാഷകളിൽ പ്രാവീണ്യം നേടി. കൂട്ടത്തിൽ എബ്രായ, ലാറ്റിൻ, ഗ്രീക്ക് എന്നീ ഭാഷകളും ഉണ്ടായിരുന്നു.

ഒരു ശുശ്രൂഷകനാക്കുവാൻ പിതാവു ആഗ്രഹിച്ചു. പിതാവിന്റെ ജോലിയിൽ നിന്നും വിരമിക്കുന്നതുവരെ ഒരുമിച്ചു പാർത്തു. നന്നായി ജീവിക്കുവാനുമിടയായി. അങ്ങനെ യുവാവായ ജോർജ്ജ് ഒരു വേദപാഠശാലയിൽ ചേർന്നു. താൻ ഒരു വേദ വിദ്യാർത്ഥി ആയിരുന്നു എങ്കിലും രക്ഷയെക്കുറിച്ചും കാര്യമായ അറിവുണ്ടായിരുന്നില്ല. അങ്ങനെ പാപവഴികളിൽ തന്നെ ജീവിച്ചു. ഒരു മാനസാന്തരം തനിക്ക് ആവശ്യമായിരുന്നു.

**വഴിത്തിരവ്**

20 വയസ്സുള്ളപ്പോൾ ഒരു ദിവസം ഒരു ശനിയാഴ്ചരാത്രിയിൽ ഒരു വീട്ടിൽ വച്ചു നടന്ന പ്രാർത്ഥനായോഗത്തിലേയ്ക്ക് താൻ ക്ഷണിക്കപ്പെട്ടു. ആ യോഗത്തിൽ ബൈബിൾ വായനയുണ്ടായിരുന്നു. പ്രാർത്ഥനയുണ്ടായിരുന്നു, എഴുതി ഉണ്ടാക്കിയ പ്രസംഗം ഉണ്ടായിരുന്നു. അവയാൽ സ്വാധീനിക്കപ്പെട്ട് സന്തോഷമുള്ളവനായി വീട്ടിലേയ്ക്ക് പോയി. ദൈവം തന്റെ പ്രവൃത്തി തന്നിൽ ആരംഭിച്ചിരുന്നു. ഇത് തന്റെ ജീവിതത്തിൽ വഴിത്തിരിവായി, എങ്കിലും ഉടനെ തന്നെ തന്റെ പാപപ്രവൃത്തികളെല്ലാം ഉപേക്ഷിച്ചില്ല. എന്നാൽ തന്റെ ജീവിതം വ്യത്യസ്തമായിരുന്നു. വേദപുസ്തകം വായിപ്പാനും പ്രാർത്ഥിപ്പാനും തുടങ്ങി. പാപികളായ കൂട്ടുകാരുമായുള്ള കൂട്ടുകെട്ട് താൻ വിട്ടു. ക്രിസ്തീയ കൂട്ടായ്മകളിൽ ആകൃഷ്ടനായി. സാദ്ധ്യമായപ്പോഴെല്ലാം അതിനെ അന്വേഷിച്ചു. ഒരു പ്രസംഗം കേൾപ്പാൻ പത്തോ പതിനഞ്ചോ മൈലുകൾ താൻ നടന്നു. വേദപാഠശാലയിലെ കൂട്ടുവിദ്യാർത്ഥികൾ തന്നെ കളിയാക്കി താൻ കണ്ടുമുട്ടിയ പുതിയ സന്തോഷത്തെക്കുറിച്ച് തന്റെ പിതാവിനും സഹോദരനും എഴുതിയപ്പോൾ തന്റെ പിതാവ് കോപത്തോടെ തള്ളിക്കളഞ്ഞു. ഒരു ദൈവഭക്തനായ പ്രൊഫസർ ഡോതോലുക്ക് തന്റെ വേദപാഠശാലയിലേക്ക് വന്നത് തനിക്ക് ഒരു വെളിച്ചവും സഹായവുമായി. പ്രാർത്ഥനയ്ക്ക് തന്നോടൊപ്പം കൂടുന്ന ദൈവഭക്തരായ കൂട്ടുകാരെയും പരിചയപ്പെട്ടു. ദൈവത്തിനായി ജീവിക്കണം എന്നുള്ള തന്റെ ആഗ്രഹം ശക്തി പ്രാപിച്ചു. അങ്ങനെ ദൈവവേലയ്ക്കുവേണ്ടിയും താൻ ഒരു

(ശേഷം 7-ാം പേജിൽ)

**കർത്താവിൽ പ്രിയരേ,**

യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹ വനന്ദനം.

ഒരു ക്രിസ്തുമസ് കൂടെ വരവായി. “നക്ഷത്രം കണ്ടതുകൊണ്ട് അവർ അത്യന്തം സന്തോഷിച്ചു. ആ വീട്ടിൽ ചെന്നു ശിശുവിനെ അമ്മയായ മറിയയോടുകൂടെ കണ്ടു വീണു അവനെ നമസ്കരിച്ചു. നിക്ഷേപപാത്രങ്ങളെ തുറന്നു അവന്നു പൊന്നും കുന്തുരുക്കവും മൂരും കാഴ്ചവെച്ചു ” (മത്താ. 2:10)

2019 -ാം വർഷത്തിന്റെ നവംബർ മാസം നമ്മെ വിട്ട് കടന്നു പോയി. ഡിസംബർ മാസത്തിലേക്ക് നാം കടന്നു വന്നിരിക്കുന്നു.

ഈ ലോകത്തിൽ ജീവിക്കുന്ന നാളെല്ലാം വലിയവനായ ഈ ദൈവത്തെ ആശ്രയമാക്കിക്കൊള്ളുന്നു എങ്കിൽ അത് എത്ര വലിയ ഭാഗ്യമാണ്. നമ്മുടെ സകല ആവശ്യങ്ങൾക്കും പ്രശ്നങ്ങൾക്കും ഉത്തരമാണ് യഹോവ തന്നെ ആശ്രയമാക്കിയിരിക്കുക എന്നത്.

പ്രിയമുള്ളവരേ നീ തളർന്നിരിക്കുകയാണോ? സടകുടഞ്ഞെഴുന്നേൽക്കുക. ശിംശോനെപ്പോലെ നിന്റെ നേരെ വരുന്ന പാപത്തിന്റെ ശക്തിമേലും രോഗത്തിന്മേലും മരണത്തിന്മേലും വിജയം യേശു കാൽവരി ക്രൂശിൽ നമുക്കായി നേടി തന്നിരിക്കുന്നു. യേശുവിന്റെ അടിപിണരുകളാൽ നിനക്കു സൗഖ്യം വന്നിരിക്കുന്നു. അടിയേറ്റ മുറിവുകളിലൂടെ നിനക്കു സൗഖ്യം ലഭിച്ചിരിക്കുന്നു.

ഒരു വിശ്വാസി തലതാഴ്ത്തി ജീവിക്കേണ്ടവനല്ല. നെടുവീർപ്പുമായി ജീവിക്കേണ്ടവനുമല്ല. പരാജിതനായി ദിവസങ്ങളോരോന്നും തള്ളി നീക്കേണ്ടവനുമല്ല. യേശു വിജയിയായി തനാൽ നീയും വിജയിയാണ്. ജയാളിയാണ്. ഈ അവസാന നാളുകളിൽ ദൈവസന്നിധിയിൽ താഴ്മയോടെ നടന്ന് വിശുദ്ധ ജീവിതം നയിച്ച് നമ്മുടെ കർത്താവിന്റെ മഹത്വ പ്രത്യക്ഷതയിൽ എടുക്കപ്പെടാം.

മാസികയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് ചുവടെ ചേർക്കുന്നു. ബിന്ദു.എം ആഗമനദൂതൻ **IFSC code SBIN 0070028 A/c. No. 67342839891** സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്ന പേരിൽ മാസിക നടത്തിപ്പിനായുള്ള സംഭാവന ഡ്രാഫ്റ്റ്/ചെക്ക് എന്നിവ രജിസ്റ്റേഡായി അയക്കുക. അഡ്രസ് മാറ്റം ഉടനെ അറിയിക്കുക.

എല്ലാ മാസികാ മിത്രങ്ങളും ശരീരത്തിലും മനസ്സിലും ആത്മാവിലും ശുഭമായും സുഖമായും പുലരേണ്ടതിനായി പ്രാർത്ഥിക്കുന്നു.

മാസികയെക്കുറിച്ചുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കത്തുകൾ മുഖേനയോ ഇ-മെയിൽ വഴി അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

എന്ന് ക്രിസ്തുവിൽ എളിയ സഹോദരി,
ബിന്ദു.എം


# ആഗമനദൂതൻ

ബിന്ദു.എം
എഡിറ്റർ
Mob:**8589901702**

അഡ്വ.നോബിൾ
അസോസിയേറ്റ് എഡിറ്റർ
Mob: **9446590913, 9809882926**
കരിത്തിലവിളാകം, ബിൻസി ഭവൻ, ആറാമട പി. ഒ.,
തിരുവനന്തപുരം - 695032
Mob:8589901702
**E-mail:bindhum1971@yahoo.in**
മാസിക ആവശ്യമുള്ളവർ ബന്ധപ്പെടുക

മാസികാപ്രവർത്തനത്തിനായി പ്രാർത്ഥിപ്പിൻ !

# ക്രിസ്തീയ ഓട്ടം

By J.C. Ryle

“ആകയാൽ സാക്ഷികളുടെ ഇത്ര വലിയൊരു സമൂഹം നമുക്കു ചുറ്റും നിൽക്കുന്നതുകൊണ്ട് സകല ഭാരവും മുറുകെപ്പറ്റുന്ന പാപവും വിട്ട് നമുക്കു മുമ്പിൽ വച്ചിരിക്കുന്ന ഓട്ടം സ്ഥിരതയോടെ ഓടുക. വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുവനുമായ യേശുവിനെ നോക്കുക” (എബ്രാ. .12:1,2)

ഈ വേദഭാഗത്തിൽ അഞ്ച് പ്രധാന കാര്യങ്ങൾ കാണുന്നു.

1. നമുക്കെല്ലാവർക്കും ഒരു ഓട്ടം ഓടുവാനുണ്ട്.
2. അനേകർ നമുക്കു മുമ്പേ ഓടിയിരിക്കുന്നു.
3. സകല ഭാരവും നമ്മൾ വിട്ടുകളയണം
4. സ്ഥിരതയോടെ ഓടണം.
5. നാം തുടർച്ചയായി യേശുനിനെ നോക്കണം.

**ഓടുവാനുള്ള ഓട്ടം**

ആദ്യമായി, നമുക്കു ഒരു ഓട്ടം ഓടേണ്ടതുണ്ട്. എന്നാൽ നമ്മുടെ വലങ്കയ്യോ നമ്മുടെ സ്വന്തം ശക്തിയോകൊണ്ട് സ്വർഗ്ഗത്തെയും നിത്യജീവനെയും നേടാം എന്ന് ചിന്തിക്കരുത്. എല്ലാറ്റിലുമുപരി, ഇതെല്ലാം ദൈവത്തിന്റെ കൃപയാലാണ്. അതായത്, ക്രൂശെടുത്തു കർത്താവിനെ പിന്തുടരുന്ന ഓരോരുത്തർക്കും തുടർന്നു വരുന്ന പ്രതിസന്ധികളെ നേരിടുവാനുള്ള മനസും ഉണ്ടായിരിക്കേണ്ടതാണ്. അവർ തങ്ങളുടെ കഷ്ടങ്ങളെയും പ്രയാസങ്ങളെയും കുറിച്ചുള്ള ബോധം ഉണ്ടായിരിക്കേണ്ടതാണ്. അവർക്ക് ശക്തമായ വേല ചെയ്തു തീർക്കേണ്ടതുണ്ട്. അവരുടെ മുഴു ശ്രദ്ധയും അതിന് കൊടുക്കേണ്ടതുണ്ട്. അവിടെ പോരാട്ടങ്ങളുണ്ട്. ഭയമുളവാക്കുന്ന അനുഭവങ്ങൾ വരാം. കണികളുണ്ടാവും, എതിർത്തു നില്ക്കുവാൻ പരീക്ഷകളുണ്ടാവും, ഹൃദയം ചഞ്ചലിക്കുന്ന അനുഭവങ്ങൾ വരും. ചൂടേറിയതും തണുത്തതുമായ അനുഭവങ്ങൾ വരും, കൂട്ടുകാരിൽ നിന്നും പ്രശ്നങ്ങൾ വരും ബന്ധുക്കളും സ്വന്തക്കാരും എതിരാവും. ചുരുക്കത്തിൽ എല്ലാ വശങ്ങളും പ്രതികൂലങ്ങളാവും, ബുദ്ധിയോടും പ്രാർത്ഥനയോടും അവയെല്ലാം തരണം ചെയ്യേണ്ടതുണ്ട്. ചുരുങ്ങിയകാലം കൊണ്ട് യഥാർത്ഥ ക്രിസ്ത്യാനിത്വം അത്ര എളുപ്പമുള്ള കാര്യമല്ല എന്നു നാം അറിയും.

ഈ ലോകത്തിന്റെ സുഖങ്ങളിൽ മുഴുകി ജീവിക്കുന്നവർക്ക് ആത്മീയ ജീവിതം ഒരു നേരം പോക്കായിട്ടാണ് തോന്നുന്നത്. ലോകത്തിന്റെ ഉല്ലാസങ്ങളെക്കാൾ കുറഞ്ഞ വിലയാണ് അവർ തങ്ങളുടെ ആത്മീയ ജീവിതത്തിന് നൽകുന്നത്. ആത്മീയ കാര്യങ്ങളെക്കാൾ ഈ ലോകത്തിലെ കാര്യങ്ങളാണ് അവർക്ക് പറയാനുള്ളത്. ഇവർക്ക് ക്രിസ്തീയ ഓട്ടം ഓടാൻ കഴിയുമോ? പ്രതിഫലത്തിനുവേണ്ടി ഓടാൻ കഴിയുമോ? ഞാൻ പറയുന്നത് നിങ്ങൾ തന്നെ വിധിപ്പിൻ. എന്നാൽ ദൈവത്താൽ വിളിക്കപ്പെട്ടവരും ദൈവത്തിൽ നിന്ന് പഠിച്ചവരും ഈ ലോക മക്കളിൽ നിന്നും വേറിട്ട ജീവിതം നയിക്കുന്നു. അവർക്കു വ്യർത്ഥമായ ഈ ലോകത്തിന്റെ ഉല്ലാസങ്ങളിൽ ചെലവിടുവാൻ സമയമില്ല. അവരുടെ കണ്ണുകളും ചിന്തയും കിരീടം പ്രാപിക്കുന്ന ഇടുക്കു വഴിയിലൂടെയുള്ള യാത്രകളിലും പ്രവൃത്തികളിലുമാണ്. അവർ അതിന്റെ വില കണക്കുകൂട്ടിയിട്ട് ലോകത്തെ വിട്ട് പുറത്തു വരുന്നു. അവരുടെ ഏക ആഗ്രഹം എന്നത് മുമ്പിൽ വച്ചിരിക്കുന്ന ഓട്ടം സന്തോഷത്തോടെ തികയ്ക്കുക എന്നതാണ്.

**അനേകർ നമുക്കു മുമ്പേ പോയിരിക്കുന്നു**

രണ്ടാമതായി ഈ വേദഭാഗത്തിൽ നിന്നും നാം പഠിക്കുന്നത്: അനേകർ നമുക്കു മുമ്പേ ഓട്ടം തികച്ചിരിക്കുന്നു എന്നാണ്. “സാക്ഷികളുടെ ഇത്ര വലിയ സമൂഹം നമുക്കു ചുറ്റും നില്ക്കുന്നത് കൊണ്ട് ” ഇവിടെ പറയപ്പെടുന്ന സാക്ഷികൾ പതിനൊന്നാം അദ്ധ്യായത്തിൽ പറയുന്ന പൂർവ്വ പിതാക്കന്മാരും പ്രവാചകന്മാരുമാണ്. അവർ വിശ്വാസത്തിനുവേണ്ടി നേരിട്ട പരീക്ഷകളും അവർ കാണിച്ച ധൈര്യത്തിനുവേണ്ടി നേരിട്ട പരീക്ഷ

(ശേഷം 4-ാംപേജിൽ)

## രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണം

| | |
|---|---|
| **അംഗീകരിക്കുക** | *ഒരു വ്യത്യാസവുമില്ല എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു (റോ.3:23)* |
| **പശ്ചാത്തപിക്കുക** | *അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചുപോകും (ലൂക്കൊ. 13;3)* |
| **ഏറ്റുപറയുക** | *നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ യേശു നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു (1യോഹ. 1:9)* |
| **ഉപേക്ഷിക്കുക** | *ദുഷ്ടൻ തന്റെ വഴിയെയും നീതികെട്ടവൻ തന്റെ വിചാരങ്ങളെയും ഉപേക്ഷിച്ച് യഹോവയിങ്കലേക്ക് തിരിയട്ടെ. അവൻ അവനോട് കരുണ കാണിക്കും. നമ്മുടെ ദൈവത്തിങ്കലേക്ക് തിരിയട്ടെ. അവൻ ധാരാളം ക്ഷമിക്കും.* |
| **ശുദ്ധീകരിപ്പെടുക** | *അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപം പോക്കി നമ്മെ ശുദ്ധീകരിക്കുന്നു (1യോഹ. 1:7).* |
| **വിശ്വസിക്കുക** | *തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. (യോഹന്നാൻ 3:16)* |
| **സമർപ്പിക്കുക** | *ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലക്ക് വാങ്ങിയിരിക്കുകയാൽ നിങ്ങൾ താന്തങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ. (1കൊരി.6:19,20)* |
| **പ്രാപിച്ചെടുക്കുക** | *യേശുവിനെ കർത്താവെന്ന് വായ്കൊണ്ട് ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയം കൊണ്ട് നീതിക്കായി വിശ്വസിക്കുകയും വായ്കൊണ്ട് രക്ഷയ്ക്കായി ഏറ്റു പറയുകയും ചെയ്യണം (റോമ.10:9,10)* |

(3-ാം പേജിന്റെ തുടർച്ച)

### ക്രിസ്തീയ ഓട്ടം

കളും അവർ കാണിച്ച ധൈര്യത്തേയും കാണുവാൻ അപ്പോസ്തലൻ ഇവിടെ ആഹ്വാനം ചെയ്യുകയാണ്. നാം ദുർബ്ബലമായ വെറും മൺപാത്രങ്ങളല്ലേ? അവരും അങ്ങനെയായിരുന്നു. നാം ബലഹീനരും പ്രശ്നങ്ങളാൽ നിറഞ്ഞവരും അല്ലേ? അവരും അങ്ങനെയായിരുന്നു. പ്രശ്നങ്ങൾക്കും പരീക്ഷകൾക്കും അടിമപ്പെട്ട ഒരു ശരീരമല്ലേ നമ്മുടേത്? അവർക്കും അങ്ങനെയായിരുന്നു. നാം ദു:ഖവും വേദനയും ഉള്ളവരല്ലേ? അവരും അങ്ങനെയായിരുന്നു. നാം നമ്മുടെ തലമുറയിൽ ശാന്തതയുള്ളവരും അയൽക്കാരാൽ നിന്ദിതരും അല്ലേ? അവരും അങ്ങനെയായിരുന്നു. നമ്മെ വല്ലാതെ കളിയാക്കുന്ന, പരിഹസിക്കുന്ന അനുഭവമില്ലേ? അവർക്കു അങ്ങനെയായിരുന്നു. അവർ സഹിക്കാത്ത ഏതു പ്രശ്നമാണ് നമുക്കുള്ളത്? നമുക്കു കിട്ടാത്ത എന്ത് സാന്ത്വനമാണ് അവർക്ക് കിട്ടിയത്? നിങ്ങൾക്ക് ലഭിച്ച സംരക്ഷണം, സൗകര്യം കുടുംബം അവയെക്കുറിച്ച് ചിന്തിക്കുക. അതേ അനുഭവങ്ങൾ തന്നെയായിരുന്നു അവരുടേതും. ആഗ്രഹിക്കുന്ന ഏവർക്കും ഓടിതികയ്ക്കുവാൻ കഴിയുന്ന ഒരു ഓട്ടമാണ് നമുക്ക് ഏവർക്കും വച്ചിരിക്കുന്നത് എന്ന് അവർ കാണിച്ചു തന്നു. അവരും ബലഹീനതകളുള്ളവരായിരുന്നു. അവർ തങ്ങളുടെ ഹൃദയങ്ങളെ ദൈവത്തിന് കൊടുത്തു. അതെ അവർ എല്ലാവരും നമ്മെപ്പോലെ മാംസവും രക്തവുമുള്ളവരായിരുന്നു. കൃപയാൽ അവർ പുതിയ സൃഷ്ടികളായിത്തീർന്നു. അങ്ങനെ വിശ്വാസത്താൽ അവർ നല്ല സാക്ഷ്യം പ്രാപിച്ചു. വിശ്വാസത്താൽ അവർ അന്യരും പരദേശികലും എന്ന് ഏറ്റു പറഞ്ഞു. വിശ്വാസത്താൽ അവർ രാജ്യങ്ങളെ അടക്കി നീതി നടത്തി, വാഗ്ദത്തം പ്രാപിച്ചു, സിംഹങ്ങളുടെ വായ് അടച്ചു, തീയുടെ ബലം കൊടുത്തി, വാളിന്റെ വായ്ക്കു തെറ്റി ബലഹീനതയിൽ ശക്തി പ്രപിച്ചു, യുദ്ധത്തിൽ വീരന്മാരായി തീർന്നു. അന്യന്മാരുടെ സൈന്യങ്ങളെ ഓടിച്ചു സ്ത്രീകൾക്ക് തങ്ങളുടെ മരിച്ചവരെ ഉയിർത്തെഴുന്നേല്പിനാൽ തിരിച്ചു കിട്ടി, മറ്റു ചിലർ ഏറ്റവും നല്ലൊരു ഉയിർപ്പു ലഭിക്കേണ്ടതിന് ഉദ്ധാരണം കൈക്കൊളളാതെ ഭേദ്യം ഏറ്റു. വേറെ ചിലർ പരിഹാസം ചമ്മട്ടി, ചങ്ങല, തടവ് ഇവയാലുള്ള പരീക്ഷ അനുഭവിച്ചു, വാളാൽ കൊല്ലപ്പെട്ടു. ജഡയാടുകളുടെയും കോലാടുകളുടെയും തോൽ ധരിച്ചു, ബുദ്ധിമുട്ടും ഉപദ്രവും കഷ്ടവും സഹിച്ചു (എബ്രാ. 11:33-37)യ ദൈവകൃപ ധാരാളമായി പകരപ്പെട്ടു, അവർ നല്ല പോർ പൊരുതു. അവർ തങ്ങളുടെ ഓട്ടം തികച്ചു, വിശ്വാസം കാത്തു വിരുതു പ്രാപിപ്പാനായി കടന്നു പോയി.

വിശ്വാസിയേ ധൈര്യപ്പെടുക, സാക്ഷികളുടെ വലിയൊരു സമൂഹം നിങ്ങൾക്ക് ചുറ്റിലും ഉണ്ട്, നിങ്ങൾ ഓടുന്ന ഓട്ടം നിങ്ങൾക്കു മുമ്പേ അനേകർ ഓടിത്തികച്ചിരിക്കുന്നു. നിങ്ങൾ ചിന്തിച്ചേയ്ക്കാം. നിങ്ങൾ നേരിടുന്ന പരീക്ഷകൾ മറ്റാർക്കും വന്നിട്ടില്ല എന്ന്, നിങ്ങൾ ചവിട്ടിക്കയറുന്ന ഓരോ പടവുകളും മറ്റനേകർ വിജയകരമായി ചവിട്ടിക്കയറിയതാണ്. അനവധിയായ പ്രശ്നങ്ങളുടെ നടുവിലും മരണത്തിന്റെ കൂരിരുൾ താഴ് വരയിലും അവർ സുരക്ഷിതരായി കടന്നുപോയി. അവരുടെ നിങ്ങളെപ്പോലെ സംശയമുള്ളവരായിരുന്നു, ഭയവും ജിജ്ഞാസയും ഉള്ളവരായിരുന്നു, എങ്കിലും അവർ വിട്ടുകളഞ്ഞില്ല. ലോകം, ജഡം, പിശാച്, എന്നിവയേക്ക് പാവപ്പെട്ട സ്ത്രീകളുടെ വിശ്വാസത്തെ പിടിച്ചുകുലുക്കുവാൻ കഴിഞ്ഞില്ല. നിങ്ങളെപ്പോലെ തന്നെ അനേകർ കയ്പേറിയ അനുഭവനങ്ങളിലും കണ്ണുനീരിലും ഓട്ടം ഓടി അവരാരും നശിച്ചു പോയില്ല. അവരെല്ലാവരും വീടണഞ്ഞു.

### സകലഭാരവും വിടുക

മൂന്നാമതായി അപ്പോസ്തലൻ പ്രബോധിപ്പിക്കുന്നത്, സകലഭാരവും വിടുക. ഇതിലൂടെ അർത്ഥമാക്കുന്നത്, നമ്മുടെ ആത്മീയ ജീവിതത്തെ തടസ്സപ്പെടുത്തുന്ന എല്ലാറ്റിനേയും വിടുക എന്നാണ്. ഓട്ടം ഓടുവാൻ വേണ്ടി അവർ സഹിച്ച ത്യാഗം നാം ഓർക്കേണ്ടതാണ്. നമ്മുടെ ഓട്ടത്തിന്റെ വഴിയിൽ തടസമായിരിക്കുന്ന എല്ലാറ്റെയും നാം വലിച്ചെറിയേണ്ടതാണ്. ജഡമോഹം, കൺമോഹം ജീവനത്തിന്റെ പ്രതാപം, ദ്രവ്യാഗ്രഹം, ഈ ലോകത്തിന്റെ ഇമ്പങ്ങൾ, ഈ ലോകത്തിന്റെ ബഹുമാനങ്ങൾ, ശീതോഷ്ണാവസ്ഥ, ഉദാസീനത, ദൈവികകാര്യങ്ങളോടുള്ള വിരക്തി എന്നിവയെല്ലാം നാം പ്രതിഫലത്തെ ലക്ഷ്യം വച്ചാണ് ഓടുന്നതെങ്കിൽ പുറത്താക്കണം, അവയെല്ലാം ഉപേക്ഷിക്കണം. ജഡത്തിന്റെ മോഹങ്ങളെ മരിപ്പിക്കണം ഈ ലോകത്തോടുള്ള ആഗ്രഹങ്ങളെ ക്രൂശിക്കണം. നമ്മുടെ സ്വഭാവത്തെയും പ്രവൃത്തികളെയും നിയന്ത്രക്കണം. നമ്മെയും നമുക്കു നൽകപ്പെട്ട രക്ഷയെയും തമ്മിൽ ഉലയ്ക്കുന്ന കാര്യങ്ങളെ കണ്ടു പിടിച്ച് ഉപേക്ഷിക്കണം. നമുക്ക് ഇടർച്ചയായതിനെ ഒക്കെയും വിട്ടു കളയണം. നിത്യജീവനുവേണ്ടി നാം ഓടുന്നു എങ്കിൽ പുറകോട്ടുവലിക്കുന്ന എല്ലാറ്റെയും നാം വിട്ടുതിരിയണം. ബഹുദൂരം ഓടേണ്ടതുള്ളതുകൊണ്ട് നമ്മുടെ കാലുകൾക്ക് വേഗത കുറയുവാൻ പാടില്ല, ഓട്ടത്തിന് തടസം ഉണ്ടാകും എന്നതിനാൽ ഭാരങ്ങളും ഒഴിവാക്കേണ്ടതുണ്ട്.

എല്ലാറ്റിലുമുപരി, നാം വിട്ടുകളഞ്ഞപാപം വളരെ എളുപ്പത്തിൽ നമ്മെ കീഴ്പ്പെടുത്തുവാൻ സാദ്ധ്യതയുണ്ട്. വിശ്വാസികളെപ്പോലും കീഴ്പ്പെടുത്തുന്ന രണ്ട് പാപങ്ങളുണ്ട്. അഹങ്കാരം, അവിശ്വാസം. അഹങ്കാരം മറ്റുള്ളവരിൽ നിന്നും നമ്മെ വ്യത്യാസപ്പെടുത്തുന്നു. വിശ്വാസി എന്ന നിലയിലും ആത്മീയ നേട്ടങ്ങളെക്കുറിച്ചും അഹങ്കരിക്കുന്നു. നാം പാപിയാണെന്ന് പലപ്പോഴും സമ്മതിക്കാൻ കഴിയുന്നില്ല. ദൈവികജ്ഞാനത്തിലുള്ള അവിശ്വാസം ദൈവത്തിന്റെ കരുണയിലുള്ള അവിശ്വാസം. അതെ അവർ വളരെ ഭാരമുള്ളവരാണ്. അവർ നമ്മെ പുറകോട്ടു വലിക്കും.

എന്നാൽ നമ്മെ വ്യാകുലപ്പെടുത്തുന്ന ചില പാപങ്ങളുണ്ട്. വേർതിരിക്കപ്പെട്ട ദൈവമക്കൾ അതിനെതിരെ നില്ക്കും. നാം ഓരോരുത്തർക്കും ചില കുറവുകളുണ്ട്. സാത്തോനോട് എതിർത്തു നിൽക്കുന്ന കാര്യത്തിൽ ചില പ്രശ്നങ്ങളുണ്ടാകാറുണ്ട്. ചിലർ സാത്താന് വാതിൽ തുറന്നിട്ടിരിക്കുന്നവരാണ്. എന്നാൽ മറ്റു ചിലർ ആലബഹീനവശം കണ്ടുപിടിക്കുന്നതുവരെയും വിശ്രമം അനുഭവിക്കാത്തവരുമാണ്. അവർ അതിനെ അതിജീവിക്കുവാൻ വിട്ടുകളയുവാൻ, അത് നമ്മെ കീഴ്പ്പെടുത്തിക്കളയാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുന്നു. ഒരുവൻ പാപത്താൽ

(ശേഷം 5-ാം പേജിൽ)

(5-ാം പേജിന്റെ തുടർച്ച)

## ക്രിസ്തീയ ഓട്ടം

വലഞ്ഞു പോകുന്നു, മറ്റൊരുത്തൻ മദ്യപാനത്തിലായിരിക്കുന്നു, വേറൊരുത്തൻ പിശാചിന് അടിമയാകുന്നു, ഒരുത്തൻ അലസനായിത്തീരുന്നു. നാം അവരെക്കുറിച്ച് മോശമായ വാർത്തകളാണ് കേൾക്കുന്നത്. അവർ പരാജയത്തിലേയ്ക്കാണ് ഓടിക്കൊണ്ടിരിക്കുന്നത്. എന്നാൽ ഓരോ ദിവസവും അവയോട് തുടർച്ചയായി പോരാടി ജയിക്കുന്നില്ലെങ്കിൽ വിരുതു പ്രാപിപ്പാൻ സാദ്ധ്യമല്ല. എത്ര കൈപ്പായ പാപങ്ങൾ! എത്രയോ പേർ തങ്ങളുടെ ഓട്ടക്കളത്തിൽ പരാജയപ്പെട്ടിരിക്കുന്നു, ശത്രുക്കൾക്ക് ദുഷിക്കുവാൻ അവസരമുണ്ടാക്കിയിരിക്കുന്നു. അവരെക്കുറിച്ച് ലഘുവായൊന്നും ചിന്തിക്കും, അവ എപ്പോഴും വ്യർത്ഥവായി ചിന്തിക്കുന്നവരും വ്യർത്ഥാഭിമാനികളുമാണ്. അവർ പറയുന്നത്, ഞങ്ങളാണ് ദൈവത്തിന്റെ മന്ദിരം ഞങ്ങൾ വീഴുകയില്ല, അവർ ആ മറഞ്ഞിരിക്കുന്ന വേരുകളെ മറന്നു, ആദാമിന്റെ ആ പയഴ കൊമ്പ്, അങ്ങനെ ഓരോ ദിവസവും, പടിപടിയായി ആ അഹങ്കാരം വളർന്നു, ശക്തിപ്രാപിച്ചു. അത് അവരുടെ ഹൃദയത്തിൽ നിറഞ്ഞു, പെട്ടെന്ന് ചിന്തിക്കാൻ അവർക്ക് സമയമുണ്ടായില്ല, അവർ കാൽ വഴുതി, വഴിയിൽ വീണു ഇപ്പോൾ അവർ താഴേയ്ക്കു ഒഴുകുന്ന ക്ഷീണിച്ച അരുവിയും തളർന്ന സമൂഹവുമാണ്, പിന്മാറ്റക്കാരാണ്, മാത്രമല്ല അവരുടെ അവസാനം എന്താണെന്ന് ആർക്കു പറയുവാൻ കഴിയും?

### സ്ഥിരതയോടെ ഓടുക

നാലാമതായി സ്ഥിരതയോടെ ഓടുക എന്നതാണ്. സ്ഥിരതയോടെയെന്നാൽ അർത്ഥമാക്കുന്നത് താഴ്ചയും വിനയവും ഉള്ള ജീവിതം എന്നാണ്, അതാണല്ലോ ജീവിക്കുന്ന ദൈവപൈതൽ, അത് നമ്മുടെ നന്മയ്ക്കുവേണ്ടി ചേർന്നു പ്രവർത്തിക്കുന്നു. അതെ, അത് ആവശ്യവും ഉപയോഗപ്രദവുമായ കൃപയാണ്. ഈ ഓട്ടക്കളത്തിൽ നാം ഓടുവാൻ തുടങ്ങുമ്പോൾ ധാരാളം ക്രൂശുകൾ നാം വഹിക്കേണ്ടതുണ്ട്. നിരാശപ്പെടുത്തുന്ന അനുഭവങ്ങൾ, പ്രയാസങ്ങൾ, പരിശോധനകൾ എന്നിവ വരും ക്ഷമയോടെ നമ്മുടെ ആത്മാക്കളെ നാം കരുതണം. അവസാനം വരെ സഹിച്ചു നില്ക്കണം. നാം ഒരിക്കലും മിസ്രയീമിലേയ്ക്ക് തിരിച്ചത്. കാരണം ചിലർ വാഗ്ദത്ത ദേശത്തെക്കുറിച്ച് മോശമായി അഭിപ്രായങ്ങളാണ് കൊണ്ടു വന്നിരിക്കുന്നത്. നാം ക്ഷീണിച്ചു പോകരുത്. നമ്മുടെ ദീർഘമായ യാത്ര മരുഭൂമിയിലൂടെയാണ്. നാം മുന്നോട്ടു തന്നെ ഓടണം. പരീക്ഷകളിൽ പിറുപിറുത്തുപോകരുത്. എന്നാൽ ഏലി പറഞ്ഞതുപോലെ ഇങ്ങനെ പറയണം, യഹോവയല്ലോ തന്റെ ഇഷ്ടം പോലെ ചെയ്യട്ടെ എന്ന് പറഞ്ഞു (1ശമു. 3:18).

**മോശയെ നോക്കുക:**

വിശ്വാസത്താൽ മോശെ താൻ വളർന്നപ്പോൾ പാപത്തിന്റെ തൽക്കാലഭോഗത്തെക്കാളും ദൈവജനത്തോടുകൂടെ കഷ്ടം അനുഭവിക്കുന്നതു തെരഞ്ഞടുത്തു. പ്രതിഫലം നോക്കിയതുകൊണ്ട് ഫറവോന്റെ പുത്രിയുടെ മകൻ എന്ന് വിളിക്കുപ്പെടുന്നത് നിരസിക്കയും മിസ്രയീമിലെ നിക്ഷേപങ്ങളെക്കാൾ ക്രിസ്തുവിന്റെ നിന്ദ വലിയ ധനം എന്ന് എണ്ണുകയും ചെയ്തു. വിശ്വാസത്താൽ അവൻ അദൃശ്യദൈവത്തെ കണ്ടതുപോലെ ഉറച്ചുനില്ക്കയാൽ രാജാവിന്റെ കോപം ഭയപ്പെടാതെ മിസ്രയീം വിട്ടുപോന്നു (എബ്രാ. 11:24-27).

ഇയ്യോബിനെ നോക്കുക, പരീക്ഷിക്കുവാൻ സാത്താനെ ദൈവം അനുവദിച്ചപ്പോൾ ഇയ്യോബ് പറയുന്നത്, “നഗ്നനായി ഞാൻ എന്റെ അമ്മയുടെ ഗർഭത്തിൽ നിന്നും പുറപ്പെട്ടുവന്നു, നഗ്നനായിത്തന്നെ മടങ്ങിപ്പോകും, യഹോവ തന്നു, യഹോവ എടുത്തു യഹോവയുടെ നാമം വാഴ്ത്തപ്പെടുമാറാകട്ടെ എന്നു പറഞ്ഞു. നാം ദൈവത്തിന്റെ കയ്യിൽ നിന്നു നന്മ കൈക്കൊള്ളുന്നു, തിന്മയും കൈക്കൊള്ളരുതോ എന്നു പറഞ്ഞു ”. (ഇയ്യോ. 1:21, 2:10).

ദാവീദിനെ നോക്കുക, ദൈവത്തിന്റെ ഹൃദയപ്രകാരമുള്ള മനുഷ്യൻ, ആ ബഹുമാനിക്കപ്പെട്ടവന്റെ തലയ്ക്കുമീതെ എത്രയോ പ്രശ്നങ്ങളുടെ തിരമാലകൾ കടന്നു പോയി, എത്രയോ വർഷങ്ങൾ ശൗലിൽ നിന്നും ഒളിച്ചുപാർക്കേണ്ടി വന്നു, തന്റെ കുടുംബത്തിൽ നിന്നും എത്രയോ പ്രശ്നങ്ങൾ സഹിക്കേണ്ടി വന്നു. സ്വന്തം പുത്രന്റെ അടുക്കൽ നിന്നും ഓടിപ്പേകേണ്ടിവന്നു, ഒരു ബെന്യാമീന്യൻ വന്ന് തന്നെ ശപിപ്പാൻ ഇടയായി. പിന്നെ ദാവീദ് അബീശായിയോടും തന്റെ സകല ഭൃത്യന്മാരോടും പറഞ്ഞത്: എന്റെ ഉദരത്തിൽ നിന്നും പുറപ്പെട്ട മകൻ എനിക്ക് പ്രാണഹാനി വരുത്തുവാൻ നോക്കുന്നു എങ്കിൽ, ഈ ബെന്യാമീൻ ചെയ്യുന്നത് ആശ്ചര്യമോ? അവനെ വിടുവിൻ, അവൻ ശപിക്കട്ടെ, യഹോവ അവനോട് കല്പിച്ചിരിക്കുന്നു. പക്ഷേ യഹോവ എന്റെ സങ്കടം നോക്കി ഇന്നത്തെ ഇവന്റെ ശാപത്തിന് പകരം എനിക്ക് അനുഗ്രഹം നൽകും” (2ശമു. 16:11,12) ശ്രദ്ധിക്കുക, ഈകാര്യങ്ങൾ നമ്മോട് പറയുന്നത്, ദൈവഹിതത്തിനായി കാത്തിരിക്കൂ എന്നാണ്. ദാവീദ് അത് പറയുന്നു എങ്കിൽ, ദൈവത്തിന്റെ ഉന്നത കൃപ പ്രാപിച്ചിരിക്കുന്ന ഒരു ക്രിസ്ത്യാനിക്ക് അതിൽ കൂടുതൽ സമർപ്പിക്കുവാൻ കഴിയും.

ഒടുവിലായി നമ്മുടെ വാഴ്ത്തപ്പെട്ട കർത്താവിനെ ശ്രദ്ധിക്കുക: പത്രോസ് പറയുന്നത്, ക്രിസ്തുവും നിങ്ങൾക്കു വേണ്ടി കഷ്ടം അനുഭവിച്ച്, നിങ്ങൾ അവന്റെ കാൽച്ചുവടു പിന്തുടരുവാൻ ഒരു മാതൃക വച്ചേച്ചു പോയിരിക്കുന്നു. അവൻ പാപം ഒന്നും ചെയ്തിട്ടില്ല, അവന്റെ വായിൽ വഞ്ചന ഒന്നും ഉണ്ടായിരുന്നില്ല. തന്നെ ശകാരിച്ചിട്ട് പകരം ശകാരിക്കാതെയും കഷ്ടം സഹിച്ചിട്ടു ഭീഷണം പറയാതെയും ന്യായമായി വിധിക്കുന്നവങ്കൽ കാര്യം ഭലമേല്പിക്കയത്രേ ചെയ്തത്.( 1പത്രൊ. 2:20-22). പൗലൊസ് പറയുന്നത്, നിങ്ങളുടെ ഉള്ളിൽ ക്ഷീണിച്ചു മടുക്കാതിരിപ്പാൻ പാപികളാൽ തനിക്കു നേർടിട ഇങ്ങനെയുള്ള വിരോധം സഹിച്ചവനെ ധ്യാനിച്ചുകൊൾവിൻ. പാപത്തോടു പോരാടുന്നതിൽ നിങ്ങൾ പ്രാണത്യാഗത്തോളം എതിർത്തു നിന്നിട്ടില്ല. മകനേ കർത്താവിന്റെ ശിക്ഷ നിരസിക്കരുത്. അവൻ ശാസിക്കുമ്പോൾ മുഷികയും അരുത്. കർത്താവ് താൻ സ്നേഹിക്കുന്നവനെ ശിക്ഷിക്കുന്നു, താൻ കൈക്കൊള്ളുന്ന ഏതു മകനെയും തല്ലുന്നു. എന്നിങ്ങനെ മക്കളോട് എന്നപോലെ നിങ്ങളോട് സംവാദിക്കുന്ന പ്രബോധനം നിങ്ങൾ മറന്നുകളഞ്ഞുവോ? (എബ്രാ. 12:3-6).

(ശേഷം അടുത്ത ലക്കം)

(1-ാംപേജിന്റെ തുടർച്ച)

**കാര്യങ്ങളെ ആരു വ്യത്യാസപ്പെടുത്തി**

തെളിവുകളുണ്ടാക്കി കാഴ്ചപ്പാടുകളെ ന്യായീകരിക്കാനോ തള്ളിക്കളയാനോ കഴിയും. എന്നാൽ എഴുതപ്പെട്ട തിരുവചനത്തിലേയ്ക്ക് മടങ്ങിപ്പോകുന്നതുവരെ സമൃദ്ധിയുടെ ക്രിസ്ത്യാനിത്വത്തിൽ ജീവിക്കയോ ശബ്ദങ്ങൾക്കോ പ്രവൃത്തികൾക്കോ അടയാളങ്ങൾ ക്കോ പിന്തുടരുകയല്ലാതെ സാദ്ധ്യമല്ല. എന്നാൽ അതിന് വേദപുസ്തക ആധികാരികത ഉണ്ടായിരിക്കുന്നതല്ല.

വേദപുസ്തകം എന്ത് പറയുന്നു എന്നതിന്, അപ്പുറമായി ആനുകാലിക സമൂഹങ്ങൾ അല്ലെങ്കിൽ വ്യക്തികൾ എന്ത് പറയുന്നു എന്നു പരിഗണിക്കുവാൻ എനിക്കു പ്രമാണമില്ല. യഥാർത്ഥത്തിൽ ഇപ്പോൾ ഇന്നുമുതൽ നമ്മുടെ പ്രസംഗം ആരാധനാ രീതി, അതിന്റെ കെട്ടു മട്ടുകൾ ദൈവത്തിന്റെ പ്രമാണം വിട്ട് ആനുകാലിക പുതുമകളോട് അനുരഞ്ജനപ്പെടുവാൻ നമുക്കു കഴിയുമോ?

ചില സഭകൾ, അവരുടെ നേതാക്കന്മാർ ലോകപ്രകാരമുള്ള ഇടപാടുകൾ, ലോകത്തിന്റെ രീതികൾ പിന്തുടരുന്നു എങ്കിൽ അത് അവരുടെ കാര്യം. എന്നാൽ നമുക്കു വേണ്ടത്, യേശുവിന്റെ നാമത്തിന്റെ ശക്തിയും ദൈവവചനത്തിലെ ജ്ഞാനവും ആത്മനിറവുമത്രേ. നമുക്കു വേണ്ടത് പുതിയ നിയമത്തിന്റെ രീതിയെ ജീവിതത്തിൽ പകർത്തി ധൈര്യത്തോടെ മുന്നോട്ടു പോക എന്നതാണ്.

വർഷങ്ങൾക്കു മുമ്പ്, ലിയോണാർഡ് റാവൻഹിൽ എന്ന ദൈവഭക്തൻ ഇങ്ങനെ പറഞ്ഞു. ഈ ദിവസങ്ങളിൽ ഒന്നിൽ സാധാരണ ജനങ്ങളിൽ ചിലർ വേദപുസ്തകം കയ്യിലെടുക്കും, വായിക്കും, വിശ്വസിക്കും. ശേഷിക്കുന്ന നാം അതുകണ്ട് അത്ഭുതപ്പെടും. അതിലൊരാളായിത്തീരുവാൻ ഞാൻ ആഗ്രഹിക്കുന്നു. നിങ്ങളോ?

**ഇതാണ് സമയം**

ഇന്ന് ലോകത്തിൽ നടക്കുന്നത് ദൈവം തന്റെ മക്കൾക്കു വേണ്ടി ഒരുക്കിയ കാര്യങ്ങളാണ് എന്ന് ഞാൻ വിശ്വസിക്കുന്നില്ല. ഇന്ന് ആത്മീയ ഗോളത്തിൽ കാണുന്ന കാര്യങ്ങൾ ദൈവം നൽകിയ മാതൃകയാണ് എന്ന് ഞാൻ വിശ്വസിക്കുന്നില്ല. ദൈവവചനം അതിനെതിരാണ്. സഭാചരിത്രം അതിനെതിരാണ്. ലോകത്തിലുള്ള പരിശുദ്ധാത്മാവിന്റെ പ്രവൃത്തിക്ക് അത് എതിരാണഅ. എന്റെ സ്വന്തം ജീവിതത്തിൽ ഞാൻ മാതൃകയാക്കിയ എഴുതപ്പെട്ട ദൈവവചനം അതിനെതിരാണ്

എന്റെ അന്തരംഗം ഗർജ്ജിക്കുന്നു. അധികമായി നാം ഉണരണം! വചനത്തിന്റെ ആഴങ്ങളിലേക്ക് നാം പോകണം. നിങ്ങൾക്കും അങ്ങനെയല്ലോ?

**അങ്ങനെ തന്നെ ആയിരിക്കുന്നു**

യേശുവിന്റെ മരണവും പുനരുദ്ധാനവും യാർത്ഥ്യമായിരിക്കുന്നു എങ്കിൽ അങ്ങനെതന്നെ ആകുന്നു. അധികം അങ്ങനെ തന്നെ ആയിരിക്കുന്നു. പകരപ്പെടുന്ന പരിശുദ്ധാത്മാവിന്റെ ശക്തി യാഥാർത്ഥ്യമെങ്കിൽ അങ്ങനെ തന്നെ ആകുന്നു. അധികം അങ്ങനെ തന്നെ ആയിരിക്കുന്നു. ദൈവത്തിന്റെ കല്പനകൾ യാഥാർത്ഥ്യമെങ്കിൽ അങ്ങനെ ആകുന്നു - അങ്ങനെ തന്നെ ആയിരിക്കുന്നു.

നമ്മുടെ നിലവാരത്തിലേയ്ക്ക് വേദപുസ്തകത്തെ താഴ്ത്തികൊണ്ടുവരുന്നത് നിർത്തുക. നമ്മുടെ നിലവാരത്തിലേയ്ക്ക് വേദപുസ്തക സത്യങ്ങളെ നാം വളച്ചൊടിക്കുന്നതിന് പകരം ദൈവവചനത്തിന്റെ യാഥാർത്ഥ്യത്തിലേക്കും നിലവാരത്തിലേയ്ക്കും നമ്മെ അനുരൂപപ്പെടുത്തുവാൻ ഉത്സാഹിക്ക.

**എന്താണ് യാഥാർത്ഥ്യം?**

ദൈവത്തിന്റെ യാഥാർത്ഥ്യം എങ്ങനെയാണ് പ്രവർത്തിക്കുന്നത്? ദൈവത്തിന്റെ യാഥാർത്ഥ്യം എങ്ങനെയാണ് ഇരിക്കുന്നത്? അനേക വർഷങ്ങളായി ഞാൻ പറഞ്ഞത്, ലോകം പറയുന്നത് മതഭ്രാന്തു മിക്ക സഭകളും പറയുന്നത്, അവകാശവാദം, ദൈവം പറയുന്നത് സാധാരണ വചനം. ലിയോണാർഡ്റാർഹിൽ പറയുന്നത്, പുതിയ നിയമ നിലവാരത്തിൽ ജീവിക്കേണ്ട വിശ്വാസി ഇന്ന് നിലവാരത്തെക്കാൾ വളരെ താഴ്ന്ന നിലയിലാണ് ജീവിക്കുന്നത്.

യേശുവിന്റെ വാക്കുകളിൽ, എന്താണ് സാധാരണ വിശ്വാസം? എന്നെക്കാൾ അധികം അപ്പനെയോ അമ്മയെയോ പ്രിയപ്പെടുന്നവൻ എനിക്ക് യോഗ്യനല്ല. തന്റെ ക്രൂശ് എടുത്ത് എന്നെ അനുഗമിക്കാത്തവനും എനിക്ക് യോഗ്യനല്ല, തന്റെ ജീവനെ കണ്ടെത്തിയവൻ അതിനെ കളയും എന്റെ നിമിത്തം തന്റെ ജീവനെ കളഞ്ഞവൻ അതിനെ കണ്ടെത്തും. (മത്താ. 10:37:39).

പൗലൊസിന്റെ വാക്കുകളിൽ സാധാരണ വിശ്വാസം എങ്ങനെയിരിക്കും? "അങ്ങനെ ഞാൻ ഒന്നിലും ലജ്ജിച്ചു പോകാതെ പൂർണ്ണധൈര്യം പൂണ്ട് ക്രിസ്തു എന്റെ ശരീരത്തിങ്കൽ ജീവനാൽ ആകട്ടെ മരണത്താൽ ആകട്ടെ എപ്പോഴും എന്നപോലെ ഇപ്പോഴും മഹിമപ്പെടുകയേ ഉള്ളൂ. എന്ന് പ്രതീക്ഷിക്കയും പ്രത്യാശിക്കയും ചെയ്യുന്നു. എനിക്ക് ജീവിക്കുന്നത് ക്രിസ്തുവും മരിക്കുന്നത് ലാഭവും ആകുന്നു " (ഫിലി. 1:20,21).

ഞാൻ ചിന്തിക്കുന്നു, ഇത് വിശ്വാസി ജ്വലിക്കേണ്ടതായ സമയമാണ്. തീഷ്ണതയുള്ളവരായിരിപ്പാൻ വേദപുസ്തകം നമ്മെ ഉപദേശിക്കുന്നു. "ഉത്സാഹത്തിൽ മടുപ്പില്ലാതെ ആത്മാവിൽ എരിവുള്ളവരായി കർത്താവിനെ സേവിപ്പിൻ " (റോ. 12:11).

ആളുകൾ നമ്മെ വ്യത്യസ്തമായി ചിന്തിച്ചേയ്ക്കാം. മതഭ്രാന്തന്മാർ എന്ന് വിളിച്ചേയ്ക്കാം. അവരുടെ കൂട്ടത്തിൽ നിന്നും നമ്മെ പുറത്താക്കിയേക്കാം. എന്നാൽ, നാം താഴ്മയോടെ നടന്നാൽ ശപിക്കാതെ അനുഗ്രഹിച്ചു നടന്നാൽ ദൈവഭയമില്ലാത്തവരായി അധികാരികളെയും ബഹുമാനിച്ചു നടന്നാൽ നമ്മുടെ ജീവിതം ദൈവിക മേന്മകളുടെ അടുക്കൽ വരും. എന്നിട്ട് പറയും. നിങ്ങളിലുള്ളത് ഞങ്ങൾക്കും വേണം. എന്റെ ജീവിതത്തിൽ എങ്ങനെ ദൈവത്തെ കൂടുതലായി അനുഭവമാക്കാൻ കഴിയും?

**നമ്മുടെ ശരിയായ പ്രതികരണം**

മിഷനറിയായ സി.റ്റി. സ്റ്റഡ് ഒരിക്കൽ പറഞ്ഞു, യേശുക്രിസ്തു ദൈവമെങ്കിൽ എനിക്കു വേണ്ടി മരിച്ചു എങ്കിൽ തനിക്കായി എന്നെ ഒരുക്കുവാൻ മാറ്റുയാതൊരു യാഗത്തിന്റെയും ആവശ്യമില്ല. ആ യാഥാർത്ഥ്യത്തിൽ നാം ജീവിക്കണം.

ദൈവപുത്രനായ യേശു നമുക്കു വേണ്ടി തന്റെ പാവന രക്തം ചിന്തി. നമ്മെ തന്റെ സ്വന്തമാക്കുവാൻ നമുക്കു വേണ്ടി മരിച്ചു. തന്റെ കുടുംബത്തിൽ തന്റെ സഹോദരന്മാം സഹോദരിമാരും ആക്കി വച്ചു. തന്റെ

( ശേഷം 7-ാം പേജിൽ)

(6-ാം പേജിന്റെ തുടർച്ച)

**കാര്യങ്ങളെ ആരു വ്യത്യാസപ്പെടുത്തി**

പിതാവ് ഇപ്പോൾ നമ്മുടെ പിതാവാണ് നാം അവനോടുകൂടെ കൂട്ടവകാശികളും ആകുന്നു (റോമ. 8:14-17). നമ്മുടെ ജീവിതം അവിടുത്തേയ്ക്ക് കൊടുക്കുവാൻ അവിടുന്ന് ആഗ്രഹിക്കുന്നു. അതിൽ കുറഞ്ഞതായി ഒന്നും അവിടുന്ന് ആഗ്രഹിക്കുന്നില്ല.

**എന്നെ അനുഗമിക്ക**

കൊരിന്ത്യർക്ക് എഴുതിയ രണ്ടാം ലേഖനത്തിൽ പൗലൊസ് എഴുതിയത് യേശു എല്ലാവർക്കും വേണ്ടി മരിച്ചു. എല്ലാവർക്കും വേണ്ടി ഒരുവൻ മരിച്ചിരിക്കെ എല്ലാവരും മരിച്ചു എന്നും ജീവിക്കുന്നവർ ഇനി തങ്ങൾക്കായിട്ടല്ല തങ്ങൾക്കു വേണ്ടി ഉയിർത്തെഴുന്നേറ്റവനായി തന്നെ ജീവിക്കേണ്ടതിന് അവൻ എല്ലാവർക്കും വേണ്ടി മരിച്ചു എന്നും ഞങ്ങൾ നിർണ്ണയിച്ചിരിക്കുന്നു (2കൊരി. 5:15). കൊലൊസ്യ ലേഖനത്തിൽ വായിക്കുന്നത്, “ആകയാൽ നിങ്ങൾ യേശുക്രിസ്തുവിനോടുകൂടെ ഉയിർത്തെഴുന്നേറ്റിരിക്കുന്നിരിക്കുന്നു എങ്കിൽ ക്രിസ്തു ദൈവത്തിന്റെ വലത്തുഭാഗത്ത് ഇരിക്കുന്നിടമായ ഉയരത്തിലുള്ളത് അന്വേഷിപ്പിൻ. ഭൂമിയിലുള്ളതല്ല, ഉയരത്തിലുള്ളത് തന്നെ ചിന്തിപ്പിൻ. നിങ്ങൾ മരിച്ചു നിങ്ങളുടെ ജീവൻ ക്രിസ്തുവിനോടുകൂടെ ദൈവത്തിൽ മറഞ്ഞിരിക്കുന്നു” (കൊലൊ. 3:1-3).

പത്രൊസ് പറയുന്നത്, ജഡത്തിൽ കഷ്ടമനുഭവിച്ചവൻ ജഡത്തിൽ ശേഷിച്ചിരിക്കുംകാലം ഇനി മനുഷ്യരുടെ മോഹങ്ങൾക്കല്ല, ദൈവത്തിന്റെ ഇഷ്ടത്തിനത്രേ ജീവിക്കേണ്ടതിന് പാപം വിട്ടൊഴിഞ്ഞിരിക്കുന്നു. (1പത്രൊ. 4:2).

ഇത് മനോഹരമാണ്. ബന്ധനമില്ല - ദൈവകൃപപ്രാപിച്ചവന്റെ നന്ദി എന്ന നിലയിൽ അത് ശ്രേഷ്ഠമായിരിക്കുന്നു. ആ കൃപയാലും നന്ദി എന്ന നിലയിൽ അത് ശ്രേഷ്ഠമായിരിക്കുന്നു. ആ കൃപയാലും കരുണയാലും നാം പൂർണ്ണമായും ദൈവത്തിനുള്ളവർ ആകുന്നു. അങ്ങനെ പൗലൊസ് എഴുതുന്നത്, സഹോദരന്മാരേ, ദൈവത്തിന്റെ മനസലിവു ഓർപ്പിച്ച് ഞാൻ നിങ്ങളെ പ്രബോധിപ്പിക്കുന്നത്. നിങ്ങൾ ബുദ്ധിയുള്ള ആരാധനയായി നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിന് പ്രസാദമുള്ളയാഗമായി സമർപ്പിപ്പിൻ (റോമർ. 12:1)

അതുകൊണ്ട് നമുക്ക് ജഡത്തിന്റെ പ്രവൃത്തികളെ ക്രൂശിക്കാം. നമ്മെ പാപത്തിന് മരിച്ചവരായും ദൈവത്തിനായി ജീവിക്കുന്നവരായും കരുതാം. നമ്മുടെ ജീവിതങ്ങളെ ശുദ്ധീകരിപ്പാൻ ദൈവത്തോട് പ്രാർത്ഥിക്കാം. ഇപ്പോൾ നമ്മുടെ രാജ്യം ദൈവത്തിനുവേണ്ടി ജാഗ്രതയോടെ ആയിരിക്കുന്നവർക്കും വേണ്ടി യുള്ള ദൈവപ്രവൃത്തി കാണട്ടെ. സുവിശേഷത്തിന്റെ ശക്തിയെ ദേശത്ത് വെളിപ്പെടുത്തേണ്ടതായ സമയമിതത്രേ.

❖

(2-ാം പേജിന്റെ തുടർച്ച)

**ദൈവത്തിൽ ആശ്രയിച്ച ജോർജ്ജ് മുള്ളറുടെ ജീവിതം**

ങ്ങാൻ തുടങ്ങി. ദൈവത്തിന്റെ ഇഷ്ടം തന്നിൽ നടക്കേണ്ടതായി പ്രാർത്ഥിച്ചു.

ഡോ. തോലുക്കിന്റെ പ്രേരണയാൽ യഹൂദന്മാരുടെയിടയിൽ സുവിശേഷവേല ചെയ്യുവാൻ അപേക്ഷനൽകി. അതിനായി ലണ്ടനിൽ ആറുമാസം ഒരുക്കത്തിനായി വിളിക്കപ്പെട്ടു. പോകുവാൻ പിതാവ് സമ്മാനം കൊടുത്തു. എന്നാൽ അവിടെയൊരു തടസ്സമുണ്ടായി. ഒരു പ്രത്യേക കാലയളവ് പട്ടാളത്തിൽ സേവനം ചെയ്യണം എന്നൊരു നിയമമുണ്ടായിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ വൈദ്യ പരിശോധനയിൽ അയോഗ്യനായതുകൊണ്ട് മിഷ്യനറി പരിശീലനത്തിന് അവസരമുണ്ടായി.

ലണ്ടനിൽ എത്തിയ ശേഷം കഠിനമായി പരിശീലിച്ചുകൊണ്ടിരിക്കുമ്പോൾ തന്റെ ആരോഗ്യം പ്രശ്നമായി. ജീവിക്കും എന്ന ഉറപ്പും നഷ്ടമായി. എങ്കിലും ദൈവഹിതത്തിനായി പ്രാർത്ഥിച്ചു. രോഗം ഭേദമാകുവാൻ തുടങ്ങി. ദൈവഭക്തനായ ഒരു സഹോദരന്റെ കീഴിൽ പരിശീലനം തുടർന്നു. പരിശുദ്ധാത്മാവിന്റെ പ്രവൃത്തി തന്റെ മേലുണ്ടെന്ന് താൻ മനസ്സിലാക്കി. പ്രസംഗിക്കുവാനുള്ള ഒരുക്കങ്ങളും താൻ ചെയ്തുവന്നു. കമന്ററികളും മറ്റുള്ള പുസ്തകങ്ങളും മാറ്റിവച്ചു. പ്രാർത്ഥിക്കുവാനും വേദപുസ്തകം മാത്രം വായിക്കുവാനും തുടങ്ങി.

ജോർജ്ജ് മുള്ളർ ഇങ്ങനെ എഴുതി, അങ്ങനെ വേദപുസ്തകം വായിക്കുവാനും പ്രാർത്ഥിക്കുവാനും തുടങ്ങിയ ആദ്യ സന്ധ്യയിൽ തന്നെ മാസങ്ങളായി ഞാൻ പഠിച്ച കാര്യങ്ങളെക്കാൾ കൂടുതലായി ദൈവത്തിൽ നിന്ന് ധാരാളം കാര്യങ്ങൾ പഠിക്കുവാനിടയായി. യഥാർത്ഥമായ വ്യത്യസ്ഥ അനുഭവം എന്നത്, എന്റെ ആത്മാവിൽ ഒരു വലിയ സന്തോഷവും ബലവും എനിക്ക് ലഭിക്കുവാനിടയായി.

തന്റെ പരിശീലനം തുടരുവാനായി വീണ്ടും ലണ്ടനിലേയ്ക്കു പോയി. അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരം രാവിലെ ആറുമുതൽ 8 വരെ വചനം വായിക്കാനും ധ്യാനിപ്പാനുമായി അവർ ഒത്തുകൂടി. മിക്കവാറും സന്ധ്യാസമയങ്ങളിൽ കൂട്ടായ്മയുടെ മാധുര്യം നുകരമായിരുന്നു. മണിക്കൂറുകൾ ആരുടെയെങ്കിലും റുമുകളിൽ ഒത്തുകൂടിയിരുന്നു. അധികം സന്തോഷത്താൽ നിറഞ്ഞു ഉറങ്ങിയാൽ വീണ്ടും രാവിലെ 6 മണിക്ക് ഒത്തു കൂടും.

വീണ്ടും മറ്റു സഹപാഠികളുടെ ആരോഗ്യം മോശമാകുന്നു എന്നു മുള്ളർ കണ്ടു. പഠിക്കുവാൻ ഇനിയും കൂടുതൽ സമയം എടുക്കുന്നതിന് പകരം പ്രവർത്തനത്തിനായി ഇറങ്ങുവാൻ തീരുമാനിച്ചു. യഹൂദന്മാരുടെ ഇടയിൽ പ്രവർത്തനത്തിന് സാഹചര്യമൊരുങ്ങി, എന്നാൽ ആ മിഷനറി ഗ്രൂപ്പ് സ്വതന്ത്രമായി വേലചെയ്യുവാനായി തന്നെ വിട്ടു.

**ദൈവത്തിനായി കാത്തിരിക്കുവാൻ പഠിക്കുന്നു.**

പരിശീലനകേന്ദ്രത്തിൽ നിന്നും വിട്ടു അധികം കഴിയുംമുമ്പേ, റ്റെയിംഗ് മൂത്തിലുള്ള ഒരു ചാപ്പലിൽ പാസ്റ്ററായിരിക്കുവാനായി മുള്ളർ വിളിക്കപ്പെട്ടു. എന്നാൽ ആ കാലത്ത് ഒരു യാഥാർത്ഥ്യം തനിക്ക് മനസിലായി, യുവാവായ തനിക്ക് പഴമയുള്ള വിശ്വാസികൾക്ക് എങ്ങനെ പ്രസംഗിച്ചാൽ ഏതു വേദഭാഗം തെരെഞ്ഞെടുത്താൽ അവരെ തൃപ്തിപ്പെടുത്താൻ കഴിയും എന്ന് തനിക്ക് അറിയില്ല. അങ്ങനെ പ്രസംഗിക്കുവാനുള്ള ലഭിക്കേണ്ടതിനായി പ്രാർത്ഥനയിൽ ദൈവത്തോട് അടുത്തു ചെല്ലുവാൻ തുടങ്ങി. പ്രസംഗിക്കുവാൻ ഉചിതമായ വേദഭാഗം ലഭിക്കേണ്ടതിന് മുട്ടിൻമേൽ നിന്നു. ഒന്നും തന്റെ മനസ്സിൽ ലഭിച്ചില്ലെങ്കിൽ വായിക്കുന്ന വേദഭാഗം തന്റെ മനസ്സിൽ തട്ടുന്നതുവരെയും വായിക്കും. ദൈവസന്നിധിയിൽ വിശ്വസ്തയോടെ ദൈവത്തിന്റെ

(ശേഷം 8-ാം പേജിൽ)

(7-ാംപേജിന്റെ തുടർച്ച)

## ദൈവത്തിൽ ആശ്രയിച്ച ജോർജ്ജ് മുള്ളറുടെ ജീവിതം

സഹായത്തിനായി പ്രാർത്ഥിക്കുന്നതുകൊണ്ട് പ്രാർത്ഥനാസമയത്ത് ഒന്നും കിട്ടിയില്ലെങ്കിലും പ്രസംഗിക്കുന്നതിനുമുമ്പ് ദൈവം വേദഭാഗം വെളിപ്പെടുത്തിക്കൊടുക്കുമായിരുന്നു.

## വിശ്വാസ ജീവിതം മുന്നോട്ട്

ചില ആഴ്ചകൾക്കുശേഷം ജോർജ്ജ് മുള്ളർ മേരി ഗ്രോവ്സ് എന്ന യുവതിയുമായി വിവാഹമായി. രണ്ടുപേരും ചേർന്ന് ചാപ്പലിൽ നിന്നും ലഭിക്കുന്ന ശമ്പളം വേണ്ട എന്നുവച്ചു. ശമ്പളം വാങ്ങുന്നത് ശരിയല്ല എന്ന് ചിന്തിച്ചില്ല. തന്റെ പ്രവർത്തനത്തെ സഹായിക്കാൻ ആഹ്വാനം ചെയ്തുകൊണ്ട് ഒരു പെട്ടി പള്ളിയിൽ വച്ചു. ചില സമയം കാണിക്ക വളരെ കുറവായിരുന്നു. ചില സമയം ആളുകൾ കൊടുക്കുന്നതിൽ വീഴ്ചവരുത്തി. താനും തന്റെ ഭാര്യയും പല പ്പോഴും ബുദ്ധിമുട്ടുള്ളവരായിരുന്നു. എന്നാൽ ദൈവം അവരുടെ വിശ്വസ്തമായ പ്രാർത്ഥനകൾക്ക് മറുപടി നൽകി, ദൈവം ചില വ്യക്തികളോട് ആഹാരമോ പണമോ കൊണ്ടുവരുവാനായി സംസാരിച്ചു. അവരുടെ ആവശ്യം നിറവേറുവാൻ തുടങ്ങി,. അവരുടെ ധൈര്യം വർദ്ധിച്ചു. കടം വാങ്ങരുത് എന്ന് അവർ തീരുമാനിച്ചു. തങ്ങളുടെ ആവശ്യങ്ങൾ ദൈവത്തോട് മാത്രം പറയുവാൻ തീരുമാനിച്ചു.

ജോർജ്ജ് മുള്ളർ പറഞ്ഞത്: ഈ വിശ്വാസ ജീവിതം പലപ്പോഴും തങ്ങളിലുള്ള ദൈവകൃപയെ ജ്വലിപ്പിക്കുവാൻ കാരണമായി. ഞാൻ ജീവിതത്തിൽ തണുത്തവനായിത്തീരുമ്പോൾ ദൈവം പിന്നെയും തട്ടിയുണർത്തി. ദൈവവുമായുള്ള കൂട്ടായ്മയിൽ ജീവിക്കുവാൻ പാപം ചെയ്യുവാൻ സാദ്ധ്യമല്ല. ദൈവത്തോട് പ്രാർത്ഥിച്ച്, ഉയരത്തിലുള്ള നന്മകളെ പ്രാപിച്ച് സന്തോഷമായി ജീവിപ്പാൻ ഇടയായി.

ചില സമയങ്ങളിൽ ഉച്ചഭക്ഷണത്തിന് സ്തോത്രം ചെയ്യുമ്പോൾ തന്നെ വൈകുന്നേരത്ത് ഭക്ഷണം ലഭിക്കുവാൻ പ്രാർത്ഥിക്കണമായിരുന്നു. ശമ്പളം വാങ്ങാതായ ആദ്യ വർഷത്തനൊടുവിൽ കണക്കുകൂട്ടുമ്പോൾ സാധാരണ ശമ്പളം വാങ്ങുന്നതിനെക്കാൾ കൂടുതൽ വരുമാനം അവർക്കു കിട്ടി. മുള്ളർ ഇങ്ങനെ പറഞ്ഞു. ഞാൻ സേവിക്കുന്നത് കഠിന മനുഷ്യനായ യജമാനനെയല്ല, അതുകൊണ്ടാണ് ഞാൻ സന്തോഷത്തോടെ നിൽക്കുന്നത്.

റ്റെയിംഗ് മൂത്തിലെ രണ്ട് വർഷത്തെ ശുശ്രൂഷയ്ക്കുശേഷം ബ്രിസ്റ്റോളിലേയ്ക്ക് പോകേണ്ടിവന്നു. അവിടെയും ദൈവം തന്റെ ശുശ്രൂഷയെ അനുഗ്രഹിച്ചു. ആത്മാക്കൾ രക്ഷിക്കപ്പെട്ടു. അനേക പാവപ്പെട്ട ആളുകൾ തന്റെ വാതിൽക്കൽ വന്നു, അവർ ക്കൊക്കെയും ഭക്ഷണം കൊടുപ്പാൻ ദൈവം തന്നെ അനുഗ്രഹിച്ചു.

## തിരുവചന അറിവിൻ സ്ഥാപനം

ബ്രിസ്റ്റോളിലെ ചില വർഷത്തെ ഫലപ്രദമായ ശുശ്രൂഷയ്ക്കുശേഷം തന്റെ കൂട്ടുവേലക്കാരൻ ദേശത്തും അകലെയുമായി സുവിശേഷം അറിയിക്കുന്നതിന് ഒരു സ്ഥാപനം തുടങ്ങി. തിരുവചന അറിവിൻ സ്ഥാപനം എന്ന് അത് അറിയപ്പെട്ടു. മിഷനറിമാരെ സഹായിക്കാനും. വേദപുസ്തകവും ലഘുലേഖകൾ വിതരണം ചെയ്യുവാനും, ദൈവവചനപ്രകാരം പ്രായമുള്ളവരെ ഉപദേശിച്ചു നടത്തുവാനും, സണ്ടേസ്കൂൾ പഠിപ്പിക്കുവാൻ പൊതുവിദ്യാഭ്യാസത്തിനും സ്ഥാപനങ്ങളുണ്ടാക്കി.

ഈ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളും മേൽ പറഞ്ഞവിധമായിരുന്നു. സാമ്പത്തിക ആവശ്യങ്ങൾക്കായി പൂർണ്ണമായി ദൈവത്തിൽ ആശ്രയിക്ക, കടം വാങ്ങാതിരിക്കുക, നേരത്തേ പ്രഖ്യാപിച്ചിരുന്നതുപോലെ, സ്ഥാപനത്തിന്റെ മഹത്വം പണത്തിന്റെ വലിപ്പത്തിലല്ല, ബൈബിൾ വിതരണത്തിന്റെ എണ്ണത്തിലുമല്ല, പിന്നെയോ, സ്ഥാപനത്തിന്മേലുള്ള കർത്താവിന്റെ അനുഗ്രഹം (സെഖ. 4:6). ദൈവം സഹായിക്കും എന്ന വിശ്വാസവും പ്രാർത്ഥനയുമാണ്.

ചില മാസങ്ങൾക്കുശേഷം ഒരു അനാഥ ബാലൻ സ്കൂളിൽ പഠിക്കുന്നു എന്ന് കേട്ടു. അവൻ അല്പം അകലെയുള്ള പാവപ്പെട്ട വീട്ടിൽ നിന്നാണ് വരുന്നത് എന്നറിഞ്ഞു. അത് ജോർജ്ജ് മുള്ളറെ കൂടുതൽ അസ്വസ്തനാക്കി. ഇങ്ങനെയുള്ളവർക്കുവേണ്ടി എന്തെങ്കിലും ചെയ്യണം എന്ന ചിന്ത തന്നിലുണ്ടായി.

## ആദ്യത്തെ അനാഥമന്ദിരം

1835-ൽ തന്റെ 30-ാമത്തെ വയസ്സിൽ ആദ്യത്തെ അനാഥശാല സ്ഥാപിപ്പാൻ ഇടയായി. പല ചിന്തകൾ അതിനു പിന്നിലുണ്ടായിരുന്നു. ദൈവം ജീവിക്കുന്ന ദൈവം എന്ന് വെളിപ്പെടുത്തുവാൻ ആഗ്രഹിക്കുന്നു എന്ന് വിശ്വാസികളെ ബോദ്ധ്യപ്പെടുത്തണം. ദൈവത്തിൽ ആശ്രയിച്ചവർക്ക് കഴിഞ്ഞ കാലങ്ങളിൽ അങ്ങനെ വെളിപ്പെടുത്തിയിട്ടുണ്ട്. കുടുംബനാഥന്മാർ 12 മുതൽ 14 വരെ മണിക്കൂറുകൾ തങ്ങളുടെ കുടുംബത്തിനു വേണ്ടി കഠിനാദ്ധ്വാനം ചെയ്യുന്നതു താൻ കണ്ടു. കഠിനാദ്ധ്വാനം ശാരീരികമായി തങ്ങളെ തളർത്തി എന്ന് മാത്രമല്ല പ്രാർത്ഥിക്കാനും ദൈവവചനം വായിക്കാനുള്ള സമയത്തേയും നഷ്ടമാക്കുന്നു എന്നും കണ്ടു. അവർ ദൈവത്തിന്റെ പ്രവൃത്തിയെ കാണണം എന്ന് മുള്ളർ ആഗ്രഹിച്ചു.

അവിടെയുള്ള ആളുകൾ ദൈവം നടത്തിയവഴികളെക്കുറിച്ച് ഓർത്തു. സ്ഥാപനത്തിന്റെ ആരംഭത്തെയും അതിന്റെ വളർച്ചയെയും ഓർത്തു. ദൈവം അവരെ ഉപേക്ഷിക്കുന്നില്ലെന്ന് അവരെ പഠിപ്പിച്ചു. ലോകത്തിൽ വിജയിക്കാൻ പാടുപെടുന്ന ബിസിനസുകാരെ പരിചയപ്പെട്ടു. അവരോട് ജീവിക്കുന്ന ദൈവത്തിൽ ആശ്രയിപ്പാനും ദൈവത്തിലൂടെയുള്ള വിജയവും വിടുതലും കൈക്കൊൾവാനും അവരെ ഉപദേശിച്ചു. ഉദ്യോഗസ്ഥന്മാരെ പരിചയപ്പെട്ടു. ദൈവത്തിന്റെ മാറ്റമില്ലാത്ത സ്നേഹത്തെയും വിശ്വസ്തതയെയും സർവ്വശക്തിയെയും ക്കുറിച്ച് അവരോട് സംസാരിച്ചു.

താൻ തന്നെ ദൈവം വിശ്വസ്തൻ എന്ന് അനുഭവിച്ച കാര്യങ്ങളെ സാക്ഷിച്ചു. തന്റെ ജീവിതത്തിൽ വൻകാര്യങ്ങളെ ചെയ്ത ദൈവം തന്നിൽ ആശ്രയിക്കുന്ന എല്ലാവരെയും സഹായിപ്പാൻ ശക്തനാണ് എന്ന് പ്രബോധിപ്പിച്ചു. തീർച്ചയായും അനാഥരെ സഹായിപ്പാനുള്ള തന്റെ ആഗ്രഹം, അവരുടെ പുറമേയുള്ള ആവശ്യങ്ങളെ മാത്രമല്ല ദൈവത്തിന്റെ വഴിയിൽ അവരെ പരിശീലിപ്പിക്കാനും തനിക്കിടയായി. തുടരും

Edited & Published by Mrs. Bindhu.M. Trivandrum- 695032 Printed at Excellent Printers Plavila, Thirumala, T.v.m - 6 Phone: 2351975